**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 230** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കോച്ചിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് വിവിധ മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്ന പട്ടികജാതി ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വിവിധ മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി വകുപ്പിന് കീഴിൽ നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ നാല് ജില്ലകളിലായി പ്രവർത്തിക്കുന്നു. ജില്ല PETC യുടെ പേര് തിരുവനന്തപുരം മണ്ണന്തല PETC എറണാകുളം ആലുവ PETC പാലക്കാട് കുഴൽമന്ദം PETC കോഴിക്കോട് കോഴിക്കോട് PETC ഈ സെന്ററുകളിൽ പി.എസ്.സി, യു. പി. എസ്. സി., ബാങ്കിംഗ്, റെയിൽവേ, എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്ക് പരിശീലനവും എഞ്ചിനീയറിംഗ്/ മെഡിക്കൽ എൻട്രൻസ് പരിശീലനവും നൽകി വരുന്നു. |
| (ബി) | ഈ പദ്ധതികളിലൂടെ ഉണ്ടായ നേട്ടം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | ഉണ്ട്. PETC കളിൽ നിന്നും പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാർതലത്തിലും ബാങ്കുകൾ, റെയിൽവേ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുന്നുണ്ട്. |
| (സി) | ജില്ലകൾതോറും കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇത് എന്ന് മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കുമോ? | (സി) | എല്ലാ ജില്ലകളിലും കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ